# പട്ടത്തിൻ മേലെ

ഡിജിറ്റൽ മാഗസിൻ



ലിറ്റിൽ കൈറ്റ്സ്

ജി എച്ച് എസ് ബാര

# ആശംസ

വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ് കൂട്ടായ്മ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നുണ്ടെന്നറിഞ്ഞതിൽ സന്തോഷം. കുട്ടികളിലെ  ഐ.ടി മികവിനെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം അവരുടെ സർഗാത്മക ഭാവനകൾ പരിപോഷിപ്പിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ മാതൃകാപരമാണ് .ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

സ്നേഹാശംസകളോടെ,
പ്രധാന അദ്ധ്യാപിക
ജിഎച്ച്എസ് ബാര

# താളുകളിലൂടെ ......


ആമുഖം ........................................................................ 4

സ്കൂളിന്റെ ചരിത്രം ........................................................................ 5

സഹനശക്തി ........................................................................ 6

ടോട്ടോച്ചാൻ- ജനാലയ്ക്കരികിലെ വികൃതിക്കുട്ടി ........................................................................8

ഒരു ടിപ്പ് കഥ ........................................................................10

അസ്തമയ സൂര്യൻ ........................................................................15

മാഞ്ഞുപോയ വാക്കുകൾ ........................................................................16

Trapped ........................................................................17

An untouchable ........................................................................19

ജീവിതം അസ്തമിക്കുകയാണ് ........................................................................20

വരയും വർണവും ........................................................................21

മനസ്സിന്റെ നൊമ്പരം ........................................................................22

കുയ്യാന കുയ്യാന ........................................................................23

# ആമുഖം

പ്രതിസന്ധികളിൽ കാലിടറാതിരിക്കാനും സ്നേഹ ബന്ധങ്ങളുടെ വേരുകൾ ഊട്ടിയുറപ്പിക്കാനും കരുത്തു പകരുന്നത് സർഗ സൃഷ്ടികളാണ്. പാഠപുസ്തകത്തിന്റെ ചട്ടക്കൂടിൽ നിന്ന് ഭാവനയുടെ വാതായനം തുറന്ന് കുഞ്ഞുമനസുകൾ ചിറകടിച്ചുയരുന്ന അനുഭൂതി പങ്കുവെയ്ക്കുകയാണ് ഇതിലെ ഓരോ വാക്കും വരയും...കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്ന രീതിയിലുള്ള കഥകൾ, കവിതകൾ, ആസ്വാദനക്കുറിപ്പ്, യാത്രാവിവരണം, ചിത്രങ്ങൾ എന്നിവ ഈ മാഗസിനിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ബന്ധനങ്ങളില്ലാതെ ചിറകടിച്ചുയരുന്ന കുഞ്ഞു പൂമ്പാറ്റകൾ തീർക്കുന്ന വർണപ്രപഞ്ചമാണ് ഈ മാഗസിൻ.......

# സ്കൂളിന്റെ ചരിത്രം

രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ സാമ്പത്തിക വികസന രംഗങ്ങളിൽ ഏറ്റവും പിന്നോക്കപ്രദേശമായിരുന്ന ബാരഗ്രാമം. എന്നിരുന്നാലും മുഴുവൻ ജനങ്ങളും സത്യസന്ധരും അധ്വാനശീലരുമായിരുന്നു. പ്രധാന തൊഴിൽ കൃഷിയും അതുമായി ബന്ധപ്പെട്ട കാർഷിക തൊഴിലുമാണ് , പാടങ്ങളിൽ പകലന്തിയോളം പണിയെടുത്താലും അർധപട്ടിണിയായിരുന്നു ഫലം. ഉത്പാദിപ്പിക്കുന്ന നെല്ല് മുഴുവൻ ജന്മിമാർക്ക് വാരം നൽകണം. " ബെയർ" – ആണ് പിൽക്കാലത്ത് ബാര എന്നായത് എന്നാണ് ചിറക്കൽ ടി ബാലകൃഷ്ണൻ നായർ ബാര ഉദ്മ ബോർഡ് ഹയർ എലിമെന്റ് സ്കൂൾ സുവർണ ജൂബിലിയോടനുബന്ധിച്ച് ചേർന്ന യോഗത്തിൽപ്രസ്താവിച്ചത്

**ഏകാധ്യാപക വിദ്യാലയം....**

കൈ വിരലുകൊണ്ട് എണ്ണാവുന്നവർക്ക് മാത്രമേ അന്ന് വിദ്യാഭ്യാസമുണ്ടായിരുന്നുള്ളൂ. ഭാരതം സ്വാതന്ത്ര്യം നേടിയതിനു ശേഷം ദേശീയനേതാക്കൾ വിദ്യാഭ്യസത്തിന്റെ ആവശ്യകത ഇന്ത്യൻ ജനതയോട് പറയുമ്പോഴാണ് വിദ്യാഭ്യസത്തെക്കുറിച്ച് ജനങ്ങൾ അൽപ്പമെങ്കിലും ചിന്തിക്കുവാൻ തുടങ്ങിയത് . രാഷ്ട്രീയ സാമൂഹ്യ രംഗത്ത് ഈ ഭാഗങ്ങളിൽ സജീവമായി പ്രവർത്തിച്ചു കൊണ്ടിരുന്ന സി.മേലത്ത് നാരായണൻ നമ്പ്യാർ,സി.അബ്ദുൾ റസാഖ് മാസ്റ്റർ എന്നിവരുടെ പ്രവർത്തനങ്ങളെ കൊണ്ടായിരുന്നു ബാര ജി.യു.പി സ്കൂളിന്റെ തുടക്കം.ഇട്ടും കാലിലെ കുടോന്മാരുടെ തറവാടിന് തൊട്ടടുത്തായികോടോക്കാരുടെ വകയായിയുണ്ടായിരുന്ന പത്തായപുരയിൽ ആണ് ഏകാധ്യാപക വിദ്യാലയം ആരംഭിച്ചത്. താഴെ വരാന്തയിൽ റേഷൻ ഷാപ്പും നടത്തിയിരുന്നു.അന്ന് ഏകദേശം പത്തോളം കുട്ടികൾ മാത്രമേ പത്തായപുരയിൽ പഠിക്കാനുണ്ടായിരുന്നുള്ളൂ.കുട്ടികളെ വിദ്യ അഭ്യസിക്കുവാൻ അപ്പോൾ അധികമാരും ഇഷ്ടപ്പെട്ടിരുന്നില്ല.പത്തായപുരയുടെ മുകൾഭാഗത്ത് കിഴക്ക് ഭാഗത്ത് ഒരു ജനാലയുള്ള ഒരു ഇടുങ്ങിയ ഇരുട്ടറയാണെന്ന് തോന്നിക്കുന്ന മച്ചിൻ പുറത്ത് ആരംഭിച്ച ഏകാധ്യാപക വിദ്യാലയത്തിൽ കുട്ടികൾക്ക് കയറിച്ചെല്ലാനും പഠനം കഴിഞ്ഞ് തിരിഞ്ഞുവരാനും രക്ഷിതാക്കളുടെ സഹായമില്ലാതെ അസാധ്യമായിരുന്നു.ചുമലിൽ കുട്ടികളെ ഇരുത്തി അകത്തേക്ക് കടത്തുകയും അതുപോലെ പുറത്തേക്ക് കുട്ടികളെ കൊണ്ടുവരുകയും വളരെ സാഹസപ്പെട്ടാണ്. പാമ്പുകളുടെ ശല്യവും പത്തായപുരയിൽ ഉണ്ടായത് കൊണ്ട് മറ്റ് ബുദ്ധിമുട്ടുകളും കൊണ്ടും അവിടെ വിദ്യാലയം തുടർന്നു നടത്തുവാൻ കഴിഞ്ഞില്ല. ഒറവും കുണ്ട് എന്ന സ്ഥലത്തെ ഒരു വീട്ടിലേക്ക് വിദ്യാലയം മാറ്റി അവിടെ വച്ച് കുട്ടികളെ പഠിപ്പിച്ചുവരുകയായിരുന്നു.

**വെടിക്കുന്നിലെ കെട്ടിടം**

വാടകയ്ക്ക് ഒന്നും കെട്ടിടങ്ങൾ തീരെ ലഭ്യമല്ലാത്ത കാലത്ത് [ഓടിട്ട വീടുകൾ തന്നെ വിരളമായിരുന്നു] അക്കാലത്ത് പുല്ല് മേഞ്ഞ വീടുകളാണ് ഉണ്ടായിരുന്നത്.ഒന്നാം പഞ്ചവത്സര പദ്ധതി പ്രസ്തുത പദ്ധതിയിലെ എൽ.ഡി. വർക്സിൽ[തദ്ദേശ വികസന പദ്ധതി ]ഉൾപ്പെടുത്തി കൊണ്ടാണ് വെടിക്കുന്നുൽ സരസ്വതി ക്ഷേത്രത്തിനു വേണ്ടി സർക്കാറിന്റേതായ ഒരു കെട്ടിടം നിർമ്മിച്ചത്.ആലക്കുടി കൃഷ്ണൻ നായരായിരുന്നു കെട്ടിടം നിർമ്മിച്ചത്. അടുക്കത്ത് വയൽ, ഞെക്ലി, മേൽപ്പറമ്പ്, അരമങ്ങാനം, മാങ്ങാട്, നാലാംവാതുക്കൽ, എരോൽ, പാക്യാര മുതലായ സ്ഥലങ്ങളിൽ നിന്ന് വിദ്യാഭ്യാസത്തിന് വേണ്ടി കുട്ടികളെ രക്ഷിതാക്കൾ പറഞ്ഞയക്കുവാൻ തുടങ്ങി.

സ്കൂളിന് കെട്ടിടവും മറ്റ് സൗകര്യങ്ങളും ഉണ്ടായതിന് ശഷം കൂടുതൽ അധ്യാപകരും സ്കൂളിൽ

നിയമിതരായി.വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു.എൽ.പി. സ്കൂളിന്റെ പ്രവർത്തനം പൂർണമായി വിജയിച്ചതോടു കൂടിയാണ് സ്കൂൾ യു.പി ആയി ഉയർത്തുന്നത്.തുടർന്ന് കൂടുതൽ അധ്യാപകരും സ്കൂളിൽ നിയമിതരായി പ്രവർത്തിച്ചു കൊണ്ടിരുന്നു ശ്രീ.കെ.വി.ബാലകൃഷ്ണൻ മാസ്റ്ററുടെ നിരന്തരമായി രക്ഷിതാക്കളുമായുള്ള ബന്ധപ്പെടൽ കൊണ്ടാണ് പ്രവർത്തനങ്ങൾക്ക് ഒരു ഐക്യ രൂപം കൈവന്നത്.

## സ്കൂൾ യു . പി ആയി ഉയർത്തുന്നു

എൽ.പി ആയിരുന്ന നമ്മുടെ വിദ്യാലയം യു.പി ആയി ഉയർത്തിയത് അഡ്വയ്സർ ഭരണകാലത്താണ്. ബഹുമാനപ്പെട്ട രാമകൃഷ്ണറാവു ആയിരുന്നു അന്നത്തെ ഗവർണ്ണർ.അഡ്വയ്സർ ഭരണകാലത്ത് കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയുടെ അധ്യക്ഷൻ കെ.സി. എബ്രഹാം മാസ്റ്ററും ചന്തൻകുഞ്ഞിയും കെ.വി ബാലകൃഷ്ണൻ മാസ്റ്ററും കൂടി കാഞ്ഞങ്ങാട് ശ്രീ.എം.കെ നമ്പ്യാരുടെ വസതിയിൽ വെച്ച് കണ്ട് ബാര എൽ.പി.എസിനെ യു.പി.എസ് . ആയി ഉയർത്തേണ്ടുന്ന ആവശ്യകത വിവരിച്ചുകൊണ്ട് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. തുടർന്നാണ് ഈ വിദ്യാലയം യു.പി സ്കൂളായി ഉയർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്.

## സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നു

17.1.2011 നാണ് ബാര യു.പി. സ്കൂൾ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തത്. ഈ സമയത്ത് ഹൈസ്കൂളിൽ ആറ് അധ്യാപകരാണ് ഉണ്ടായിരുന്നത്.രണ്ട് സ്ഥിരം അധ്യാപകരും നാല് daily wage മാണ്.2023-24 വർഷത്തിൽ ഹൈസ്കൂളിൽ 300 കുട്ടികളും യു.പി.യിൽ 670 കുട്ടികളുമാണ് ഉള്ളത് ആകെ 974 കുട്ടികൾ. 2023-2024 വർഷത്തിൽ ഹെഡ് മാസ്റ്റർ ഉൾപ്പെടെ 55 അധ്യാപകരും 6 ഓഫീസ് സ്റ്റാഫുമാണ് നിലവിലുള്ളത്. യു.പി സ്കൂളായിരിക്കുമ്പോൾ തന്നെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് തെളിയിച്ച വിദ്യാലയം ഇപ്പോൾ ജില്ലയിൽത്തന്നെ അറിയപ്പെടുന്ന സ്കൂളുകളിൽ ഒന്നായി അതിന്റെ പ്രതാപം നിലനിർത്തി വരുന്നു.





Government High School Bare

റവന്യൂ ജില്ല

**കാസർഗോഡ്**

വിദ്യാഭ്യാസ ജില്ല

**കാഞ്ഞങ്ങാട്**

ഉപജില്ല

**ബേക്കൽ**

പ്രധാന അദ്ധ്യാപിക

**അനിത എ വി**

# സഹനശക്തി

സഹിക്കുന്നതെന്തിനീ കഷ്ടതകൾ
ക്ഷമിക്കുന്നതെന്തിനീ ക്രൂരതകൾ
ഭൂമിയെ നിന്നുടെ സഹനശക്തി
ഉപമിക്കാനാവില്ല ഒന്നിനോടും
നിൻ പൊൻമകളാം പ്രകൃതിയെയും
മരങ്ങളെയും നശിപ്പിക്കുന്നു
പുഴകളും തോടും തടാകങ്ങളും
പ്ലാസ്റ്റിക്ക തള്ളി മലിനമാക്കുന്നു.
എന്തിനീ ക്രൂരത ഭൂമിയോട്
നിന്നെ സംരക്ഷിക്കുന്നതിനോ മർത്യാ
സംരക്ഷിക്കുക പ്രകൃതിയെ
കാക്കുക ഭൂമി മാതാവിനെ

ജാൻവി എസ്
8 E

# ടോട്ടോച്ചാൻ
# ജനാലക്കരികിലെ വികൃതിക്കുട്ടി

ജാപ്പനീസ് ഭാഷയിൽ ചൂടപ്പം പോലെ വിറ്റ ഒരു പുസ്തകമാണ് തെത്സുകോ കുറോയാനഗിയെന്ന പ്രശസ്ത ജപ്പാൻ എഴുത്തുകാരിയുടെ ടോട്ടോച്ചാൻ എന്ന കൃതി. റ്റോമോ എന്ന അന്യാദൃശസ്കൂളിനെ കുറിച്ചുള്ള ഈ പുസ്തകത്തിൽ ടോട്ടോ എന്ന നിഷ്കളങ്കമായ കുട്ടിയും, കുട്ടിയുടെ ജീവിതത്തിൽ തെത്സുകോ ഈ പുസ്തത്തിൽ പറയുന്നു. താൻ, തന്റെ ആദ്യത്തെ സ്കൂളിൽ നിന്ന് പുറത്താക്കിയതുകൊണ്ടാണ് ഈ വിദ്യാലയത്തിൽ ചേർത്തത് എന്ന കാര്യം കാലങ്ങൾക്കു ശേഷമാണ് ടോട്ടോ അറിയുന്നത്. ആ സത്യം അന്നു തന്നെ അമ്മ







വളരെയേറെ ആദരിക്കപ്പെടുന്ന റ്റോമോ സ്കൂളിലെ മാസ്റ്റർ കൊമ്പായാഷിയെ കുറിച്ചുമാണ് പറയുന്നത്. "ടോട്ടോ, ഇനി ഈ സ്കൂളിലെ കുട്ടിയാണ് " മാസ്റ്ററുടെ ഈ വാക്കുകൾ കേട്ട നിമിഷം മുതൽ ടോട്ടോചാനിന്റെ മനസ് പ്രകാശപൂരിതമായി.

ടോട്ടോചാൻ എന്ന കഥാപാത്രത്തിന്റെ റ്റോമോ വിദ്യാലയത്തിലെ കൂട്ടുകാരും, അമ്മയും, അച്ചനും, റോക്കി എന്ന വളർത്തു നായയും ഇതിൽ പ്രധാന വേഷങ്ങൾ അണിയുന്നുണ്ട്.തന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപെട്ട റ്റോമോ വിദ്യാലയകാലത്തെ കുറിച്ചുള്ള കുമ്പാരക്കണക്കിനുള്ള വിശേഷങ്ങൾ പറഞ്ഞിരുന്നെങ്കിൽ അത് എത്രത്തോളം തന്നെ ബാധിച്ചേക്കാം എന്ന് അവസാനം ടോട്ടോ പറയുന്നു.

കൊമ്പായാഷി എന്ന മാസ്റ്റർ കെട്ടിപ്പടുത്ത റ്റോമോ വിദ്യാലയം ഒരു തീവണ്ടി സ്കൂളായിരുന്നു. ജപ്പാനിൽ ബി29 എന്ന ബോംബുകൾ വർഷിച്ച യുദ്ധകാലത്ത് കൊമ്പായാഷി മാസ്റ്ററുടെ കൺമുന്നിൽ വച്ച് ആ വിദ്യാലയം തീനാളമായി.കണ്ണിൽ കണ്ട വസ്തുക്കളിൽ മുഴുവൻ നിഷ്കളങ്കതയുടെ പര്യായമായ ടോട്ടോ പല വിസ്മയങ്ങളും കണ്ടിരുന്നു.

മറ്റുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ



വേണ്ടി ആരോടും വഴക്കിനിറങ്ങുമെങ്കിലും അവസാനം കരയുക ടോട്ടോ ആയിരിന്നു. അതിൽ നിന്നാണ് കൊമ്പായാഷി തെത്സുകോയെ അരിച്ചെട്ടുക്കുന്നത്. താൻ ആ സ്കൂളിലെ ടീച്ചറാകാമെന്ന് വാക്ക് കൊടുത്ത് പടിയിറങ്ങിയ ടോട്ടോയ്ക്ക് ആ വാക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ആ മനോവിഷമത്തിൽ ഉടലെടുത്ത കൃതിയാണ് ' ടോട്ടോചാൻ ജനാലക്കരികിലെ വികൃതിക്കുട്ടി'

**നവമിത്ര കെ ടി**
**8A**

# ഒരു ട്രിപ്പ് കഥ

ഒന്ന് ഉച്ചസമയം. എല്ലാവരും ബസ്സിനകത്ത് കയറിയിരുന്നു. പത്താം ക്ലാസ് ബാച്ചിനോട് ഒപ്പമായിരുന്നു ആ യാത്ര . ഏകദേശം നൂറോളം കുട്ടികളും ഒപ്പം അധ്യാപകരും ഉണ്ടായിരുന്നു. ഞങ്ങൾക്ക് വേണ്ടി രണ്ട് ബസ്സുകൾ ആണ് തയ്യാറായിട്ടുണ്ടായിരുന്നത്. മൂന്ന് ദിവസത്തേക്കുള്ള യാത്രയായിരുന്നു അത് . എല്ലാവരും തിടുക്കം കാട്ടി. ഞാൻ ബസ്സിൽ കയറിയിരുന്നു. പുറത്ത് ഒരു മനോഹരമായ കാഴ്ചയാണ് ഞാൻ കണ്ടത്. യാത്ര പോകുന്ന എല്ലാവരെയും യാത്രയയക്കാൻ വന്ന അവരുടെ കുടുംബങ്ങൾ ചുറ്റും കൂടി നിന്ന് യാത്ര അയക്കുകയായിരുന്നു . എന്നാലും അവരെ വിട്ടു പോകുന്നതിന് മനസ്സ് തേങ്ങുകയായിരുന്നു. പിന്നെ സ്കൂളിലെ അവസാനത്തെ നീക്കം ആയതുകൊണ്ട് ഈ ട്രിപ്പ് ഓർമ്മയിൽ ഇരിക്കട്ടെ എന്ന് വിചാരിച്ചു . ഞങ്ങൾക്ക് വേണ്ടി തയ്യാറായ രണ്ട് ബസ്സുകൾ ആണ് “അംനയും”, “വെള്ളരിപ്രാവും”. ഇംഗ്ലീഷ് ബാച്ചിലുള്ളവർ അംനയിലും മലയാളം ബാച്ചിലുള്ളവർ വെള്ളരിപ്രാവിലും. ഞങ്ങൾ അംനയിലായിരുന്നു. എന്റെ കൂട്ടുകാരിയുടെ പേര് “അംന” എന്നായിരുന്നു . യാത്ര ബസ് മുന്നോട്ട് നീങ്ങാൻ തുടങ്ങിയപ്പോൾ തന്നെ ഞങ്ങൾ പാട്ട് പാടാനും ഡാൻസ് കളിക്കാനും തുടങ്ങി . കാസർഗോഡിലെ ജിഎച്ച്എസ് ബാര സ്കൂളിൽ നിന്ന് ഇടുക്കി വരെയാണ് പോകേണ്ടത് . കേരളത്തിലെ എട്ടു ജില്ലകളിലൂടെയാണ് ഞങ്ങൾക്ക് സഞ്ചരിക്കാനുള്ളത്. ബസ്സിൽ വലിയ ശബ്ദത്തിൽ പാട്ടുകൾ വയ്ക്കാൻ തുടങ്ങി. എല്ലാവരും ആഘോഷിക്കുകയായിരുന്നു.





വൈകുന്നേരം ആയപ്പോൾ ചായ കുടിക്കാൻ വേണ്ടി പാപ്പിനിശ്ശേരിയിൽ ബസ് നിന്നു. അവിടെനിന്ന് ഒരു ചായയും കുടിച്ച് ഞങ്ങൾ ക്ഷീണം മാറ്റി വീണ്ടും യാത്ര തുടർന്നു. സഖാവ് പിണറായി വിജയന്റെ വഴികളിലൂടെയും ഞങ്ങൾ സഞ്ചരിച്ചു. ഗണിത മാഷിന്റെ ഒരു ഗണിതത്തിൽ എഴുതിയ കവിതയും ഞങ്ങൾക്ക് മാഷ് കേൾപ്പിച്ചു . മനോഹരമായിരുന്നു അത് . നേരം ഇരുട്ടായപ്പോൾ ബസ്സിൽ കളർ ലൈറ്റുകൾ കൊണ്ട് ബസ്സിനെ ഭംഗിയാക്കി. ആ ലൈറ്റുകൾ ഞങ്ങളെ ഡാൻസ് കളിക്കാൻ വേണ്ടി വീണ്ടും വീണ്ടും ഉത്സാഹിപ്പിച്ചു. രാമനാട്ടുകരയിൽ എത്തിയപ്പോൾ അവിടെനിന്ന് ഞങ്ങളെല്ലാവരും അത്താഴം കഴിച്ചു. ചപ്പാത്തിയും വെജിറ്റബിൾ കുറുമയും ഞങ്ങൾക്കായി സമർപ്പിച്ചത് നമ്മുടെ സ്വന്തം ബസ് ടീംസ് ആയ അംനയും വെള്ളരിപ്രാവുമായിരുന്നു. അത്താഴം കഴിഞ്ഞ് വീണ്ടും യാത്ര തുടർന്നു. നേരം രാത്രി 1 മണി ആയപ്പോൾ “ആനന്ദം' എന്ന ഫിലിം ഞങ്ങളുടെ ബസ്സിൽ ടിവിയിൽ വച്ചു. അടിപൊളി ഫിലിമായിരുന്നു അത് . ഫിലിം കഴിഞ്ഞപ്പോൾ എല്ലാവരും നീണ്ട നിദ്രയിൽ ആയി . അപ്പോഴാണ് ആ വാർത്ത ഞങ്ങളുടെ ചെവിയിൽ വീണത് . ഒരു കുട്ടിയുടെ ബാഗ് ബസ്സിന്റെ ഡിക്കിയിൽ നിന്ന് താഴേക്ക് വീണു. ഭാഗ്യത്തിന് ബാഗിൽ ഐ ഡി കാർഡ് ഉണ്ടായതിനാൽ ബാഗ് കിട്ടിയ ഒരു നാട്ടുകാരൻ വിവരമറിയിച്ചു . വീണ്ടും ബസ്സ് തിരിച്ചു യാത്രയായി. അവിടെ എത്തിയപ്പോൾ ആ പാവം മനുഷ്യൻ ബാഗും കൊണ്ട് ഞങ്ങളെ കാത്തിരിക്കുകയായിരുന്നു. ബാഗ് വാങ്ങിച്ച് അവരോട് നന്ദിയും പറഞ്ഞു ഞങ്ങൾ വീണ്ടും യാത്ര തുടർന്നു. പുലർച്ചെ ആറുമണിക്ക് ഞങ്ങൾ ഇടുക്കി അടിമാലിയിൽ ബുക്ക് ചെയ്തു സഫൈർ ഹോട്ടലിൽ എത്തി. അവിടെ റൂമെടുത്ത് ഫ്രഷ് ആയി താഴെ നിന്ന് ഭക്ഷണം കഴിച്ചു വീണ്ടും യാത്ര തുടർന്നു .

ആദ്യത്തെ ദിവസം മറയൂരിലേക്ക് ആയിരുന്നു യാത്ര. പച്ച വിരിച്ച നാട്ടിലൂടെ നമ്മുടെ രണ്ടു ബസ്സുകളും നീങ്ങി. മഞ്ഞുതിങ്ങിയ തണുത്ത വഴികളിലൂടെ ഞങ്ങൾ സഞ്ചരിച്ചു. ശരിക്കും പ്രകൃതി ഭംഗി ആസ്വദിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. തണുപ്പ് ഞങ്ങളുടെ ശരീരത്തെ പുതയ്ക്കാൻ ആശ്രയിച്ചു. മൂന്നാറിലൂടെയുള്ള ആ സഞ്ചാരം മനസ്സിൽ നിന്നും മായാത്തതാണ് . നിറയെ തേയില തോട്ടവും

കൊണ്ട് പൊതിഞ്ഞതായിരുന്നു ആ നാട്. ഇടയിൽ കുഞ്ഞു കുഞ്ഞു വീടുകൾ, തേയില തോട്ടത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾ. ഇതൊക്കെ കാണുമ്പോൾ നമ്മുടെ ഭ്രൂമി ശരിക്കും എത്ര സുന്ദരമാണെന്ന് തോന്നും . ഭ്രൂമിയെ നശിപ്പിക്കുന്നത് നമ്മൾ മനുഷ്യർ തന്നെയാണ് എന്ന് എനിക്ക് തോന്നി .വലിയ പാറക്കഷണങ്ങൾ കൂട്ടി ഉണ്ടാക്കിയത് പോലുള്ള മലകളും അതിലൂടെ പൊട്ടിയൊലിക്കുന്ന വെള്ളവും മനസ്സിനെ തണുപ്പിക്കുന്ന കാഴ്ചയായിരുന്നു .തേയില തോട്ടത്തിന് അടുത്ത് നിന്ന് ഫോട്ടോ എടുക്കാൻ വേണ്ടി ബസ്സ് നിന്നു. ഫോട്ടോയൊക്കെ എടുത്ത് പോകാൻ നേരത്ത് കുറച്ച് ആളുകളുടെ കാലിൽ അട്ട പറ്റി പിടിച്ചത് കണ്ടു അതൊക്കെ അധ്യാപകർ എടുത്തുമാറ്റി മരുന്നുകൾ ഒക്കെ വച്ചു. ഞങ്ങളുടെ മേൽ അവർക്ക് നല്ലോണം കരുതൽ ഉണ്ടായിരുന്നു .അവർ നമുക്ക് പഴങ്ങൾ വാങ്ങിച്ചു തന്നും സ്നേഹിച്ചും സഹകരിക്കുന്നുണ്ടായിരുന്നു. ഉച്ചഭക്ഷണം കഴിക്കാൻ വേണ്ടി മൂന്നാറിൽ ഒരു ഹോട്ടലിൽ നിന്നു. നല്ല ബിരിയാണി കഴിച്ച് മറയൂരിൽ ജീപ്പ് സഫാരിക്കിറങ്ങി.



ഓരോ ജീപ്പിൽ എട്ടുപേർ വീതം. ആദ്യം മുനിയറയിലേക്ക് ആയിരുന്നു . അവിടെ നന്നങ്ങാടി കല്ലറകൾ, കുടക്കല്ല് ഒക്കെ ഉണ്ട് കേരളത്തിൽ ചെങ്കൽ പാറ പ്രദേശങ്ങളിൽ പരക്കെ കാണപ്പെടുന്ന ഒരു മഹാശിലാസ്മാരകമാണ് 'മുനിയറ' എന്നും മുനിമടകൾ' എന്നും അറിയപ്പെടുന്ന ചെങ്കൽ ഗുഹകൾ. ഇവ ബുദ്ധ ജൈന സന്യാസിമാരുടെ വാസസ്ഥലങ്ങളാണെന്ന് ചരിത്രകാരന്മാർ വിശ്വസിക്കുന്നു. പരന്നു കിടക്കുന്ന കരിമ്പിൽ പാടങ്ങളും അരികിലൂടെ ഒഴുകുന്ന പാമ്പാറും ആണ് ഇവിടം സ്വർഗ്ഗമാക്കുന്നത്. ഗ്രാമത്തിൻറെ വിശുദ്ധിയുടെ വെൺമ ഇവിടെ കരിമ്പ് പൂക്കളായി ഇതൾ പൊഴിക്കുന്നു . പച്ചക്കറി തോട്ടങ്ങൾ, കാന്തല്ലൂരിലെ ആപ്പിള് മരങ്ങൾ , ചരിത്രമുറങ്ങുന്ന മുനിയറകൾ ......ഇവയെല്ലാം മറയൂരിലെ നിറക്കാഴ്ചകളാണ് . മൂന്നാറിൽ നിന്നും 45 കിലോമീറ്റർ അകലെയാണ് മറയൂർ. ചിന്നാർ വന്യമൃഗസംരക്ഷണ കേന്ദ്രവും കണ്ണൻദേവൻ തേയിലത്തോട്ടങ്ങളും എല്ലാം കണ്ണമിഴിക്കുന്ന കാഴ്ചയാണ് . നാലുവശവും മലകളാൽ ചുറ്റപ്പെട്ടതാണ് മറയൂർ ഗ്രാമം. കേരളത്തിലെ മറ്റ പ്രദേശങ്ങളുമായി ഒരു സാമ്യവും ഇല്ലാത്തതാണ് ഈ മഴനിഴൽ താഴ്വര. കേരളത്തിൽ ആപ്പിൾ വിളയുന്ന ഏക സ്ഥലമാണ് കാന്തല്ലൂർ. റോഡ് മാർഗ്ഗം മാത്രമേ മറയൂരിലേക്ക് യാത്ര പറ്റൂ . താമസിക്കാൻ ധാരാളം



ഹോട്ടലുകളും ഇവിടെയുണ്ട്. നിരവധി ക്ഷേത്രങ്ങൾ സ്ഥിതി ചെയ്യുന്ന പുണ്യ സ്ഥലമാണിവിടം. തുവാനം വെള്ളച്ചാട്ടവും രാജീവ് ഗാന്ധി ദേശീയപാർക്കും മറയൂരിൽ നിന്ന് അധികം ദൂരത്തല്ല . സുഖകരമായ കാലാവസ്ഥ കൊണ്ടും ഗ്രാമത്തിന്റെ ഏറ്റവും ഗംഭീരമായ അനുഭവങ്ങൾ കൊണ്ടും ഐതിഹ്യങ്ങളും വിശ്വാസങ്ങളും കൊണ്ടും ഇവിടം ഒരു പറുദീസയാണ് . റുമാൻ തോട്ടവും, ടീ ഹൗസും ഗംഭീരം ആയിരുന്നു . ജീപ്പുകൾ നിരക്കെ പോകുമ്പോൾ ഞങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ഒച്ചയിട്ട് പാട്ടുപാടി ഡാൻസ് കളിച്ച് ഒരു മത്സരം തന്നെയായിരുന്നു ആ ജീപ്പ് സഞ്ചാരം.

കരിമ്പുകൾ പിഴിഞ്ഞ് ഉണ്ടാക്കുന്ന മറയൂരിലെ മധുര ശർക്കര നുണയാൻ രസമാണ് . എല്ലാവരും ശർക്കര ഫാക്ടറിയിൽ നിന്ന് ശർക്കര വാങ്ങിച്ചു . വലിയ പാത്രം അടുപ്പിൽ വച്ച് കരിമ്പ് നീര് അതിൽ ഒഴിച്ച് ഇളക്കിക്കൊണ്ടേയിരിക്കുന്നു . അത് കുറുകുമ്പോൾ ഓരോ ഉരുളകളാക്കിയെടുക്കുന്നു. ഒരു മായവുമില്ലാത്ത നല്ല നാടൻ ശർക്കര . ഇവിടെ ശർക്കര പൊടിയും കിട്ടും . അത് കഴിഞ്ഞ് ഒരു ഗംഭീര വെള്ളച്ചാട്ടം കണ്ടു . വളയാതെയും പുളയാതെയും നിവർന്നു ഒഴുകുന്ന ആ വെള്ളച്ചാട്ടം കാണാൻ പഞ്ചസാര വാരി വിതറുന്ന പോലെ ഉണ്ടായിരുന്നു . എല്ലാം ആസ്വദിച്ചു ഞങ്ങൾ ഉരുട്ടാൻ നേരത്ത് ബസ്സിൽ കയറി അടിമാലിയിൽ ഞങ്ങളുടെ റൂമിലേക്ക് തിരിച്ചു . തണുത്ത മഞ്ഞിൽ ആ രാത്രിയിൽ എല്ലാവരും നിദ്രയിൽ അമർന്നു. 11 മണിയാകുമ്പോൾ ഞങ്ങൾ റൂമിലെത്തി. റൂമിനടുത്തുള്ള ഡിജെ പാർട്ടിക്ക് പോകാൻ ഞങ്ങൾ തയ്യാറായി. ഇരുട്ടു മുറിയിലെ വൈബ്രേറ്റാവുന്ന

കളർ ലൈറ്റ്സും അതിനോട് ഇണങ്ങുന്ന ഡിജെ പാട്ടുകളും . ഞങ്ങൾ ഒന്നടങ്കം തുള്ളികളിച്ചു ഒപ്പം ഞങ്ങളുടെ സൂപ്പർ അധ്യാപകരും. അരമണിക്കൂർ കഴിഞ്ഞ് റൂമിലേക്ക് തിരിച്ചു വന്നു ഞങ്ങൾ കിടന്നുറങ്ങി. ജീവിതത്തിൽ ആദ്യമായി



കൂട്ടുകാരോടൊപ്പം കഴിഞ്ഞു. മറക്കാൻ കഴിയാത്ത അനുഭവമായി മാറും ഇത്.

അടുത്ത ദിവസം ഞങ്ങൾക്ക് എറണാകുളത്തേക്കാണ് പോവാൻ ഉണ്ടായിരുന്നത് . രാവിലെ 7 മണിക്ക് തന്നെ ഇറങ്ങി . രണ്ടാമത്തെ ദിവസമായിരുന്നു അത് . ആദ്യം കൊച്ചിയിലെ ഹിൽ പാലസ് എന്നറിയപ്പെടുന്ന രാജകൊട്ടാരത്തിലേക്കാണ് . ഇപ്പോൾ അവിടെ മ്യൂസിയമായി അറിയപ്പെടുന്നു. പൊതു ജനങ്ങൾക്കായി തുറന്നു കൊടുക്കുകയാണ് ഇപ്പോൾ. കൊച്ചി രാജകുടുംബത്തിന്റെ കിരീടവും ആഭരണങ്ങളും ഉൾപ്പെടെ അമൂല്യമായ ഒട്ടനവധി വസ്തുക്കൾ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട് പാലിയം ദേവസ്വത്തിന്റെയും പുരാവസ്തു വകുപ്പിന്റെയും നിരവധി അമൂല്യമായ കല്ലുകളും വിലപിടിപ്പുള്ള നാണയങ്ങളും കിടക്കകളും ആഭരണങ്ങളും എപ്പി ഗ്രാഫി സാമ്പിളുമെല്ലാം ഇതിലുണ്ട്. കൊച്ചി രാജാവിന്റെ ഭരണകാര്യാലയവും ഓദ്യോഗിക വസതിയും ആയിരുന്നു ഇത്. ഒരു പുരാവസ്തു മ്യൂസിയം, ഒരു മാൻ പാർക്ക് , ഒരു ചരിത്രാതീത പാർക്ക്, കുട്ടികളുടെ പാർക്ക് എന്നിവയാണ് ഇന്ന് ഇവിടെ പ്രവർത്തിക്കുന്നത്.



അപൂർവയിനത്തിൽപ്പെട്ട നിരവധി ഓഷധസസ്യങ്ങളും ഇവിടെ വളരുന്നു. 'മണിച്ചിത്രത്താഴ് ' മാത്രമല്ല മൂന്നാംമുറ ', 'പിൻഗാമി', 'കളിയൂഞ്ഞാൽ', ' ഡ്രീംസ്, 'ചോട്ടാമുംബൈ' തുടങ്ങി ഒട്ടേറെ ജനപ്രിയ സിനിമകളിൽ അഭിനയിച്ചു ഈ വീട് തൃപ്പൂണിത്തുറയിലുള്ള ഹിൽപാലസ് ആണെന്ന കാര്യം ഇന്ന് എല്ലാവരുടെയും അടുത്ത് വൈറലാണ് . ആരെയും മയക്കുന്ന വശ്യഭംഗിയോടെ ചുവടുവകൾ വച്ച് നാഗവല്ലി എന്ന തമിഴത്തി നിറഞ്ഞാടിയ അകത്തളം. മണിച്ചിത്രത്താഴ് എന്ന സിനിമയ്ക്കൊപ്പം മലയാളികൾ മനസ്സിലേറ്റിയ ഈ തറവാട് വീട് നട്ടുച്ചയുടെ ചൂടിലും കുളിർമഴയിലും തണുപ്പിലും ഒന്നും ഒരു നിറവ്യത്യാസം പോലുമില്ലാതെ കൂടുതൽ മനോഹരമായി ഇന്നും നിൽക്കുകയാണ് ഇവിടെ നമ്മുടെ കേരളത്തിലെ കൊച്ചിയിൽ.കൊട്ടാരത്തിലെ ശിക്ഷിക്കുന്ന ഉപകരണം കണ്ട് ശരിക്കും ഞെട്ടി. മുറ്റത്ത് ഒരു കുളവും ഉണ്ട്. അതൊക്കെ കാണുമ്പോൾ ശരിക്കും നാഗവല്ലിയെ ഓർത്തുപോകും. രാജകുടുംബത്തിന്റെ ഫോട്ടോകളും അവരുടെ ഡീറ്റെയിൽസും ആ



കൊട്ടാരത്തിൽ എഴുതി വച്ചിട്ടുണ്ട് . വലിയ ഒരു തറവാടാണ് രാജകൊട്ടാരം കാണാൻ എന്തൊരു അഴകാണ്.

പിന്നെ മറൈൻഡ്രൈവിലേക്ക് പുറപ്പെട്ടു. കൊച്ചിയിലെ പ്രണയതീരം എന്ന് പരക്കെ അറിയപ്പെടുന്ന ഇവിടം അറിയാത്തവർ ചുരുക്കം ആയിരിക്കും. നഗരത്തിന് നടുവിൽ സ്വസ്ഥമായി ഒന്ന് വിശ്രമിക്കാനും സുഹൃത്തുക്കൾക്കൊപ്പം സന്തോഷങ്ങൾ പങ്കുവയ്ക്കുവാനും പറ്റിയ സ്ഥലമാണ് . അതിമനോഹരമായ കാഴ്ചയും അതിൻറെ നിർമ്മിതിയുമാണ് മറൈൻഡ്രൈവിന്റെ ആകർഷണം. ഇരുവശത്തു നിറഞ്ഞുനിൽക്കുന്ന പച്ചപ്പും ഇരിപ്പിടങ്ങളും ആണ് ഇവിടേക്ക് ആളുകളെ എത്തിക്കുന്നത്.കൊച്ചി കായലിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന മറൈൻഡ്രൈവിന്റെ കാഴ്ചകളാണ് പുതിയതായി കൊച്ചിയിൽ എത്തുന്നവരെ ആകർഷിക്കുന്നത് .അതേ സമയം ആൾത്തിരക്കും ബഹളങ്ങളും ഉണ്ടെങ്കിലും അതൊന്നും



അറിയാതെ സമാധാനം ആയിരിക്കുവാൻ പറ്റുന്ന ഇടം എന്നാണ് കൊച്ചിക്കാർക്ക് മറൈൻഡ്രൈവ് വാഗ്ദാനം ചെയ്യുന്നത് . കായൽ കാഴ്ചകൾ ആസ്വദിക്കുവാനായും വൈകുന്നേരങ്ങൾ ചെലവഴിക്കുവാൻ ആളുകൾ ഇവിടം കൂടിയിട്ടുണ്ടാകും. മലയാളത്തിലെ നിരവധി സിനിമകളും മറൈൻഡ്രൈവിൽ ചിത്രീകരിച്ചിട്ടുണ്ട് . അവിടുന്ന് നേരെ ബോട്ട് സവാരിക്കിറങ്ങി. ഇവിടെ മലയാളികൾ മാത്രമല്ല



എല്ലാ രാജ്യക്കാരും ഉണ്ട് . പോർച്ചുഗീസുകാർ ഇവിടെ അധികം ചെലവഴിക്കുന്നു . കൊച്ചിയുടെ കായൽ കാഴ്ചകൾ ആസ്വദിക്കുവാനായും ബോട്ട് യാത്ര തെരഞ്ഞെടുക്കാം .കപ്പലുകളുടെയും ബോട്ടുകളുടെയും കണ്ടെയ്നർ വന്നു കിടക്കുന്നതിന്റെയും കാഴ്ചകൾ കാണാൻ കഴിഞ്ഞു. കൊച്ചിയെ പുറമേ നിന്ന് കാണാനും കഴിയുന്നതാണ് ഈ ബോട്ട് യാത്രയുടെ ആകർഷണം. മാത്രമല്ല ബോട്ടിൽ ഡിജെ ഉണ്ടായിരുന്നു. എല്ലാം പറഞ്ഞു തരുവാനും ബോട്ടിലെ ആൾക്ക് കഴിഞ്ഞു . ഞങ്ങൾക്കത് ഉപകാരപ്പെട്ടു . വൈകിട്ട് ബോട്ട് യാത്ര കഴിഞ്ഞ് ഒരു ചായയും കുടിച്ച് ഞങ്ങൾ മറൈൻഡ്രൈവിലെ തെരുവിൽ നിന്ന് സാധനങ്ങൾ വാങ്ങിച്ചു. അതുകഴിഞ്ഞ് മെട്രോ സ്റ്റേഷനിലേക്ക് യാത്രയായി. അവിടെ ബാഗുകൾ ചെക്ക് ചെയ്തു.

ഏഴുമണിക്ക് ലുലുമാളിൽ എത്തിയപ്പോൾ എട്ടുമണിക്ക് ലുലു എൻട്രിയിൽ തിരിച്ചെത്താൻ വേണ്ടി അധ്യാപകർ ആവശ്യപ്പെട്ടു. ആദ്യം തന്നെ അവിടെ ഒരു പരിപാടി നടക്കുന്നത് കണ്ടു. അവിടെ സ്റ്റേജിൽ പ്രശസ്ത നടനായ “ജോൺ കൈപ്പള്ളിൽ ' ഉണ്ടായിരുന്നു . അദ്ദേഹത്തെ കണ്ടപ്പോൾ ഞങ്ങളുടെ മനസ്സ് നിറഞ്ഞു . നിറയെ ആരാധകർ അവിടെ തിങ്ങിയിട്ടുണ്ടായിരുന്നു . 4 നിലകളിലാണ് ലുലു മാളിനെ നിർമ്മിച്ചിട്ടുള്ളത് . കേരളത്തിൽ തന്നെ ഏറ്റവും ലക്ഷ്വറി ആയിട്ടുള്ള മാളാണ് ലുലു. സന്ദർശകരുടെ പ്രവാഹമാണ് ലുലുമാളിൽ എന്നും കാണാൻ കഴിയുന്നത് . നൂറിലധികം ടോപ് ബ്രാൻഡുകൾ ഇവിടെ ലഭിക്കും. ഹൈപ്പർമാർക്കറ്റും, ഡ്രസ്സ്, കോസ്റ്റ്യൂംസ്, ഫുഡ്സ്, മേക്കോവർ, ടോയ്സ്, റൈഡ്, ട്രീറ്റ് മെൻറ്സ്, പെറ്റ് കെയർ , ഇങ്ങനെ ഒട്ടനവധി റൂംസുകൾ ഉണ്ട് . മലയാളിയുടെ മനസ്സിൽ പതിഞ്ഞ പേരാണ് ലുലുമാൾ . ഇൻറർനാഷണൽ ഡിവിഷനിൽ ആണ് ലുലു. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ മാളുകളിൽ ഒന്നാണ് ലുലു. എട്ടു മണി ആവാറായപ്പോൾ ഞങ്ങൾ ഒരു ബ്രൌണി ഷെയ്ക്ക് കുടിച്ചു . വളരെയധികം രുചികരമാണ് ലുലുവിലെ ഭക്ഷണങ്ങൾക്ക്. അങ്ങനെ ഞങ്ങൾ കൊച്ചിയിലെ റൂമിൽ താമസിച്ചു.

പിറ്റേദിവസം ഞങ്ങൾ പോയത് കൊച്ചിക്കടുത്ത് പള്ളിക്കരയിലെ കുന്നിൻ മുകളിൽ സ്ഥിതിചെയ്യുന്ന അമ്യൂസ്മെൻറ് പാർക്ക് വണ്ടർലായിലേക്കാണ്. പഴയ പേര് വീഗാലാൻഡ് ആയിരുന്നു. ടിക്കറ്റുകൾ ഒക്കെ എടുത്ത് അകത്ത് കയറി. കേരളത്തിലെ ഏറ്റവും വലിയ വാട്ടർ തീം പാർക്ക് ആണ് വണ്ടർലാ. ചെറിയ ചെറിയ ഷോപ്പുകളും ഹോട്ടലുകളും വണ്ടർലായിൽ കാണാൻ പറ്റും. പേടിപ്പെടുത്തുന്ന റൈഡുകൾ ഇവിടെ ധാരാളം ഉണ്ട് . വണ്ടർലാ മൊത്തം മുകളിൽ നിന്ന് കാണാൻ വേണ്ടിയുള്ള റൈഡുകളും ഇവിടെയുണ്ട്. മുകളിൽ നിന്ന് നോക്കിയാൽ പച്ചയും നീലയും കാണുന്നു. 'പച്ച' പ്രകൃതിയെ, 'നീല' വാട്ടർ തീം പാർക്കിനെ മുകളിൽ നിന്ന് കാണാൻ മനോഹരമായിരുന്നു. പേടിച്ചുകൊണ്ട് ആദ്യം റൈഡുകളിൽ സന്ദർശിച്ചാൽ പിന്നീട് റൈഡുകളിൽ കയറാൻ കൊതിക്കും. ഇക്വിനോക്സ്, ഫ്ളാഷ് ടവർ, സ്ക റിംഗ്, വണ്ടർ സ്പ്ളാഷ് , വേവി ആൻഡ് വെർട്ടിക്കൽ ഫാൾ, റോളർ കോസ്റ്റർ, ക്രേസി കാർ, സ്പെയ്സ് ഗൺ, സൂപ്പർ ജമ്പർ, വണ്ടർലാ ബംബ, ഫ്യൂഷൻ സ്ലൈഡ്, വാട്ടർ പെൻഡുലം ഇങ്ങനെ ഒട്ടനവധി റൈഡുകൾ വണ്ടർലായിൽ ഉണ്ട്. ആദ്യം തന്നെ സൂപ്പർ ജമ്പറിൽ കയറി,

പേടിപ്പെടുത്തുകയായിരുന്നു. താഴേക്ക് വീണുപോകുമോ എന്നൊരു തോന്നൽ ഇങ്ങനെ എല്ലാ റൈഡുകളിലും കയറിയപ്പോൾ തോന്നിയിട്ടുണ്ടായിരുന്നു . ഉച്ചഭക്ഷണം ഞങ്ങൾ വണ്ടർലായിലെ “വേവ് ' എന്ന റസ്റ്റോറന്റിൽ നിന്ന് കഴിച്ചു . അതുകഴിഞ്ഞ് പകുതിയാൾ വാട്ടർ തീം പാർക്കിലേക്ക് ഇറങ്ങി. ഞങ്ങൾ കുറച്ചു പേർ ടച്ചേഴ്സിനെ കൂടെ കൂട്ടി ഡൈനോസർ ത്രീഡി കാണാൻ പോയി . എസി റൂമിൽ ഇരുന്ന് കാണാൻ മനോഹരമായിരുന്നു. പിന്നീട് ക്രേസി കാർസിലും പോയി. അവർക്ക് പേടി ആയതുകൊണ്ട് റൈഡുകളിൽ കയറാൻ തയ്യാറല്ലായിരുന്നു. ഞങ്ങൾ നിർബന്ധിച്ചു കൊണ്ടു പോയതാണ്. അവർ അതിൽ സന്തോഷിച്ചു. പിന്നെ ചായ കുടിച്ചു. വണ്ടർലായിൽ കണ്ടു കൊണ്ട് ആസ്വദിക്കാൻ ഞങ്ങൾ നടന്നു.

ആറു മണി ആയപ്പോൾ ഞങ്ങൾ വീട്ടിലേക്ക് പോകാൻ വേണ്ടി ബസ്സിൽ കയറിയിരുന്നു. അവിടുന്ന് കുറച്ചു ചോക്ലേറ്റ്സും വാങ്ങിച്ചിരുന്നു. വീട്ടിലേക്ക് തിരിച്ചു പോകാൻ നല്ല സങ്കടം ഉണ്ടായിരുന്നു . ജീവിതത്തിൽ ആദ്യമായി കൂട്ടുകാരോടൊപ്പം ഇത്രയും എൻജോയ് ചെയ്യിട്ടുണ്ടായിരുന്നില്ല . ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവമാണിത് . ഞങ്ങളെ ഇതിനുവേണ്ടി സഹായിച്ച ബസ് ടീംസ് ആയ “അംനയും' “വെള്ളരിപ്രാവും' പിന്നെ ടിച്ചേഴ്സിനും ഒരുപാട് നന്ദിയുണ്ട് . അതുപോലെ ടൂർപോവാനിടെ ഉണ്ടാക്കിയ ഗവൺമെന്റിനോടും മനസ്സറിഞ്ഞ് ഞാൻ നന്ദി പറയുന്നു.

* * * * *   *

ആയിഷത്ത് ഷിഫാന
10 D

# അസ്തമയ സൂര്യൻ

എന്നത്തേയും പോലെ അപ്പു സ്കൂളിൽ നിന്ന് വീട്ടിലെത്തി. ആദ്യം കയറി ചെന്നത് അടുക്കളയിലേക്ക് ആയിരുന്നു. അമ്മ നല്ല ചൂട് ഉണ്ണിയപ്പം ഉണ്ടാക്കുന്നു. അപ്പുവിന് ഏറെ പ്രിയപ്പെട്ട ഉണ്ണിയപ്പം അമ്മ ഇന്ന് ഉണ്ടാക്കുന്നു എന്നറിഞ്ഞപ്പോൾ അവന് സന്തോഷമായി. ഓടിച്ചെന്ന് കുളി കഴിഞ്ഞതിനുശേഷം മേശപ്പുറത്ത് എടുത്തുവച്ച ചായയും അപ്പവും കഴിച്ച് അമ്മയോട് അനുവാദം വാങ്ങി കളിക്കാനായി കൂട്ടുകാരെയും വിളിച്ച് അപ്പു പാടത്തേക്ക് പോയി. കാൽപന്ത് കളിയിൽ മുഴുകിയ കുട്ടികൾ സമയം പോയത് അറിഞ്ഞില്ല. സന്ധ്യാനേരം ആറുമണി ആയപ്പോൾ കുട്ടികൾ കളി മതിയാക്കി വീട്ടിലേക്ക് പോയി. അപ്പു വീട്ടിലേക്ക് പോകുന്ന സമയത്ത് അവന്റെ മുഖത്തേക്ക് ചുവന്ന പ്രകാശം അടിച്ചു. അവന് വെളിച്ചം കാരണം ആകാശത്തേക്ക് നോക്കാൻ സാധിച്ചില്ല. പെട്ടെന്ന് വെളിച്ചം മങ്ങിയപ്പോൾ അറബിക്കടലിലേക്ക് താഴ്ന്നിറങ്ങുന്ന ചുവന്ന ലഡു പോലെയുള്ള അസ്തമായ സൂര്യൻ അവൻറെ ശ്രദ്ധയെ ആകർഷിച്ചു. ആ കാഴ്ച അവന് ഏറെ പ്രചോദനവും ആനന്ദവും നൽകി. വരമ്പത്ത് നിന്ന് അവൻ അസ്തമയ സൂര്യനെ നോക്കി. നേരം ഇരുട്ടിയപ്പോൾ അവൻ വീട്ടിലേക്ക് പോയി. രാത്രിക്ക് ഭക്ഷണം കഴിച്ച് പുറത്ത് ഇട്ട ചാരുകസേരയിലിരുന്ന് അവൻ അമ്പിളിമാമന്റെ ചന്തം നോക്കി കണ്ടു. സന്ധ്യാനേരം കണ്ട അസ്തമയ സൂര്യനെയും, ഈ നിലാവുള്ള രാത്രിയിൽ തിളങ്ങിക്കിടക്കുന്ന അമ്പിളിമാമന്റെയും സൗന്ദര്യം വാക്കുകൾ കൊണ്ട് പറഞ്ഞാൽ തീരില്ലെന്ന് അപ്പു മനസ്സിലാക്കി. ഇവർക്ക് രണ്ടുപേർക്കും ഇത്രയും ഭംഗി എവിടെ നിന്നാണ് ലഭിച്ചത് ? ഒരുപക്ഷേ ദൈവം കൊടുത്തതായിരിക്കാം ഇങ്ങനെയുള്ള ചോദ്യങ്ങളും ആശയങ്ങളും ആ കുഞ്ഞുമനസ്സിൽ വന്നു. അപ്പുവിന്റെ പല സംശയങ്ങൾക്കും ഉള്ള ഉത്തരമായി പിറ്റേദിവസം അസ്തമയ സൂര്യൻ അവനു മുന്നിൽ തെളിഞ്ഞു നിന്നു. പക്ഷേ അവർക്കിടയിലെ സംഭാഷണങ്ങളിൽ നിന്ന് അപ്പുവിനുള്ള സംശയങ്ങൾ തീർക്കാൻ സാധിച്ചില്ല. കാലങ്ങൾ കടന്നുപോയി എന്നും അപ്പുവിന്റെ സംശയം മായാതെ അവന്റെ മനസ്സിൽ കിടക്കുന്നു.

******

കീർത്തന ബി

# മാഞ്ഞുപോയ വാക്കുകൾ

പറയാൻ പലതും  മാറ്റിവെച്ച്
ധരണിയിൽ സങ്കടം കൂട്ടി വെച്ച്
സ്വർഗ്ഗത്തിലേക്ക് നീ യാത്രയായി

എന്റെ സുരക്ഷയ്ക്കായി മാറ്റിവെച്ച
നിന്നുടെ ജീവിതം യാത്രയായി
മാസ്കും സാനിറ്റൈസറും കഥ പറഞ്ഞപ്പോൾ
നിന്റെ ദുഃഖങ്ങൾ കാണാമറയത്ത് ഒളിച്ചുനിന്നു

രാവും പകലും മാറ്റിവെച്ചെങ്കിലും
ധീരമായി പൊരുതാൻ നീ എൻ കരങ്ങൾ
നീ നിന്റെ കൈകളിൽ സൂക്ഷിച്ചു

ജീവൻ കൊള്ളയടിക്കുന്ന കോവിഡ് നെതിരെ
ഒരുമിച്ചു ചങ്ങല ഭേദിക്കുവാനായി
നിന്നുടെ സമയം മുഴുവനായി
ഞങ്ങൾ തൻ സന്തോഷമായി മറിഞ്ഞു

മാസ്കിന്റെ കാണാമറയത്ത് നിന്ന് നീ
നിന്റെ വിയർപ്പും കണ്ണീരും ഒളിപ്പിച്ചുവെച്ച്
ഭൂമിയെ സംരക്ഷിച്ചു കാലങ്ങൾ യാത്രയായി

രണ്ടരക്കൊല്ലം പലരുടെയും ജീവിതത്തിനിടയിൽ
അറ്റുപോയി നിൻ ധരണിയിലെ വേര്
എൻ പ്രിയ വെള്ള മാലാഖേ
നിനക്കായി ഞങ്ങൾ കൈകൂപ്പിടുന്നു

തിരികെ വന്ന ഈ ജീവിതം
കോവിഡ് മറഞ്ഞു പോയപ്പോൾ-
മാനത്തെ നക്ഷത്രമായി നീ
എല്ലാവരെയും നോക്കി നിൽപ്പൂ .

പറയാൻ നീ ആഗ്രഹിപ്പൂ
പലതും നീ മാറ്റിവെച്ചു
തിരിച്ചു നീ വരുമോ?

ആഗ്രഹിപ്പൂഞങ്ങൾ നിൻ തിരിച്ചു വരവ്
തൂവെള്ള വസ്ത്രവുമായി പുഞ്ചിരിച്ചു നിൽക്കുന്ന
എൻറെ ജീവിതം തിരികെ വരുമോ

പറയുവാൻ നീ മാറ്റിവെച്ചത്
ഞങ്ങളുടെ സുരക്ഷ എന്നറിയാം
ഇനിയൊരു രോഗത്തിന് പിടികൊടുക്കരുത്
ഇനിയും മരിക്കരുത് ഒരിക്കലും
നമ്മൾ താൻ കുടുംബത്തിൽ നിന്നകന്ന്
ആരും തിരിഞ്ഞു നോക്കാതെ-
പാരിൽ നിന്ന് യാത്രയാവാൻ,
എന്നെപ്പോലെ മറ്റാരും പോകരുത്

**ആര്യശ്രീ എം**
**8c**

# *TRAPPED*

As long as I remember, everything in my life has been nothing but ordinary, except tor one little thing. The Room In Red.

That room always intrigued me, though I do not now seek to know the unknown behind those doors as my mom was strictly against even going near it, let alone open it, it remained an unquenched thirst in my mind.

until yesterday. It was a very tiring day and I fell asleep on the couch the moment I got home. suddenly I found myself in a dark corridor. In front of me was an ostentations tooking red door. It was the Room in Red. I felt a curiousity, a curiousity so overwhelming, and in that moment of intensity I felt my feet carry me towards the door. It opened on its own, even though my mom warned me not to. l disobeyed her and went in.

...Inside the room was a singular computer facing me. And staring out at me with a kind of eagerness was a girl with bright pink hair. She stared straight into my soul and said with an unnatural amount of excitement, Brother ! Lets play! wake up..... Come here.... " Wake up !!

I woke up abruptly, I looked eyes with someone, whose hair wasn't pink, It was my mom. What a dream ! My mind was buzzing like a bee. The dream ignited my previously buried curiousity. Unable to bear it anymore I sneaked up my own house to the corridor upstairs where the room lay. 'Click'. The door opened, just like that! why wasn't it locked, if mom really didn't want me open it? But had no time to wallow in such doubts. Fascination gripped me as I looked at the room inside which was the exact same as my dream.

In the middle of the room stood a computer with the same pink girl. This time she wasn't talking. She was pointing at a button, which said [START / PLAY]. Was this a game ?

I dont know what exactly happend but all I remember is going and pressing the button. The moment I touched, I felt the world around me dissolve into nothing.

I looked down at my hands. They were beginning to fade.

* * * *

Opening my eyes I saw a plain stretch of meadow as long as I could look. It seemed unreal! 'Where am 1?' I wondered. My hands looked solid again.

"Brother! Come lets play!' The voice almost shook the soul out of me. Turning around I saw the pink haired girl, still smiling in eagerness. I opened my eyes to ask where this was and how I reached here but I was some how silenced as she took my hand and started running towards the meadows. I couldn't speak, I couldn't control my body, it seemed to be in someone else's control.

A path appeared in front of me out of nowhere. The girl let go off my hand and said' We can play catch. You run, "ll catch. ' The next second as it an invisible force was pulling me I started to run. I was a puppet in strings.

The path infront of me extended endlessly. Here and there obstacles were appearing and I was jumping, ducking. slithering and everything, All without my control. Everything felt very very horribly similiar to a video game.

'Aargh' The first sound came out of me as I fell into a pit of fire and I felt unbearable pain. The conciousness slipped out of me.

"Brother! Lets play! " The excessively eager voice of the girl once again resounded in my ears. I lost track of the number of times I have heard that sound. It was a never ending hell. on god! How I regret everything. If only I could get

a tiny bit of salvation hom this hell! I'm sorry
Mom, for everything.
Help me. But I knew that there was no help
coming tor me.
I closed my eyes as I felt myself jump over pits
a traps again, trapped in this eternal game with
no way out .....
And ....I die again. The pain had not even settled
a bit when the pink haired girl appeared and held
my hand and guided me back to the very same
path that I had traversed a million times
before...... again and again...

ശിവദ ബി
10D

# An UNTOUCHABLE

I have been bleeding
Since my puberty.
I was amused all the time,
Thinking why it is come out of my vagina?
Can't it come from my
Eyes or thigh
Or from my palm or arm?

I was just thirteen..
And this curious me hitted by
Hammers all the time .



Sometimes I squirm
With acute pain,
Thought would die soon
But not
With a stinking smell,
I was bleeding.
why can't it smell good?
I puzzled

Even without a gash or scar
How would it?
Don't know
Curious me don't know where I can resolve my fog

I was untouchable
For my blood of vagina.
The one who flew here and there
seasonally abandoned for her bleeding body.
Besides I was bleeding internally
Of their screams

Don't touch it
Don't lie there
Don't go there
Don't play with 'THEM '

Fed up with this abundance Don'ts

By and by
turned an
'UNTOUCHABLE '.

THEY throw me
Into a room
Where floor was RED
Wall was RED
Even the window pane was RED
I wrapped into a RED blanket
Thinking will get a solace
But I felt burried in a coffin
Suffocating..
I yelled loudly
But nobody was there to hear an untouchable's screams .

But this curious me
This time have no curiousity
Why it is 'MEN'struation
Cause
Not men but the women make you 'UNTOUCHABLE '

Giggled an untouchable...

By
Bhavya Shree V

# ജീവിതം അസ്തമിക്കുകയാണ്

മധു അസ്തമയ സൂര്യനെ നോക്കി നിന്നു. അവന്റെ മനസ്സ് കടലിരമ്പം പോലെ നിർത്താതെ ആഞ്ഞടിച്ച കൊണ്ടേയിരുന്നു. എന്ത് ചെയ്യണമെന്നറിയാതെ അവൻ ആദിത്യന്റെ കിരണങ്ങളെ നോക്കി നിന്നു. ഈ അസ്തമയത്തോടെ എല്ലാം അവസാനിക്കുകയാണ് . മകന്റെ ഉന്നത പഠനത്തിനായി ആണ് അയാൾ തന്റെ ആകെ സമ്പാദ്യമായ 10 സെൻറ് സ്ഥലവും വീടും കൊള്ള പലിശയ്ക്ക് രാമൻ ചെട്ടിയാരുടെ കടയിൽ പണയം വെച്ചത് . മാസം ഒന്ന് തികയും മുൻപ് 15 ലക്ഷം 20 ലക്ഷമായി മാറി. നാളെയാണ് വീട് ഒഴിക്കേണ്ടത്. മകൻ സുരക്ഷിതമായ ഒരു സ്ഥലത്താണ് . എങ്കിലും ഭാര്യയും മകളും താനും ഇനി പെരുവഴിയിൽ ആണ് . ചെട്ടിയാർ നാളെ കാലത്ത് വന്ന വീട്ടിൽ നിന്നും ഇറക്കി വിടും! താൻ കാരണമാണല്ലോ തന്റെ എടുത്തുചാട്ടം കാരണമാണല്ലോ ഇതെല്ലാം സംഭവിച്ചത് എന്നോർത്ത് അയാളുടെ കണ്ണിൽനിന്ന് അശ്രുക്കൾ ഒഴുകാൻ തുടങ്ങി.

അയാൾ തന്റെ ഭൂതകാലം ഓർത്തു. പ്രതാപിയായ മാധവൻ നായരുടെ ഏക മകനാണ് മധു മോഹൻ നായർ. വീട്ടുകാരെ എതിർത്തതാണ് മധു താഴ്ന്ന ജാതിക്കാരിയായ മിനിയെ വിവാഹം ചെയ്തത് . അന്ന് പുറത്താക്കപ്പെട്ട അയാൾ പിന്നീട് കടം പേറി യാണ് ജീവിച്ചത്. അയാൾ വീണ്ടും സ്വബോധത്തിൽ എത്തി . ജീവിതം മുഴുവൻ അധ്വാനിച്ചാലും തീരാത്ത കടമാണ് അയാളെ വേട്ടയാടുന്നത് . അയാൾ കണ്ണുകൾ തുടച്ചു, ആകാശം നോക്കി സൂര്യൻ അസ്തമിച്ചു കഴിഞ്ഞു. അയാൾ ഓർത്തു. അതുപോലെ തന്റെ ജീവിതവും! അയാൾ പതിയെ എഴുന്നേറ്റ് ദേഹത്ത് പറ്റിയ മണൽത്തരികൾ തട്ടി കളഞ്ഞു വീട്ടിലേക്ക് തിരിച്ചു. അയാൾക്കൊരു ഉദ്ദേശം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പെരുവഴിയിൽ ഇറങ്ങും മുമ്പ് , എല്ലാവരുടെയും മുമ്പിൽ തല താഴ്ത്തുന്നതിന് മുമ്പ് ഗതികെട്ട ജീവിതം അവസാനിപ്പിക്കുക..... രാവിലെ വീട്ടിൽ വരുന്നവർ കാണുന്നത് ഒരു കുടുംബ ആത്മഹത്യ ആയിരിക്കും! അയാൾ വീടിന്റെ ഗേറ്റ് തുറന്നു. കോളിംഗ് ബെൽ മുഴങ്ങി. മകൾ വാതിൽ തുറന്നു അകത്ത് സോഫയിൽ ആരോഗ്യവാനായ ഒരു വൃദ്ധൻ അവനെ നോക്കി പുഞ്ചിരിച്ചു. അവന്റെ ശബ്ദം ഇടറി അവൻ ചോദിച്ചു, അച്ഛാ ....അച്ഛൻ എന്താ ഇവിടെ..............?

* * * * *

**അൻവിത വി**
**9D**

# വരയും വർണവും



Darshik Ramesh
9A



# മനസ്സിന്റെ നൊമ്പരം

പറയാനായി സൂക്ഷിച്ചുവെച്ച
കാര്യങ്ങൾ പറയാതെ മാറ്റിവയ്ക്കുന്നതാണ്
നിങ്ങൾ ചെയ്യുന്ന തെറ്റ്
എന്തെന്നാൽ ഇനിയൊരിക്കൽ അത്
പറയാൻ അവസരം കിട്ടിയെന്ന് വരില്ല
ഇത് മനസ്സിലാക്കാൻ ചിലപ്പോൾ നിങ്ങൾ
വളരെ വൈകി പോയേക്കും
നിങ്ങളുടെ മനസ്സിനെ ഏറ്റവും കൂടുതൽ
കുത്തി നോവിപിപ്പിക്കുന്നത് ഇതായിരിക്കാം
വളരെ വിലപ്പെട്ട ഒന്നാണ് സമയം അത്
നമുക്കായി പിറകോട്ട് നീങ്ങുകയില്ല
അതുകൊണ്ടുതന്നെ പറയാനായി നീക്കി
വെച്ച കാര്യങ്ങൾ പറഞ്ഞു തീർക്കുക
കാരണം നഷ്ടപ്പെട്ടുപോയ അവസരം
ഇനിയൊരു പക്ഷേ തിരിച്ച് കിട്ടിയെന്ന് വരില്ല
കാര്യങ്ങൾ പറയാനുണ്ടെങ്കിൽ അത്
പറയാതെ നീക്കി നീക്കി വെച്ചാൽ
പിന്നീട് ഒരിക്കൽ അത് മറന്നാൽ നിങ്ങളുടെ ഏറ്റവും
വലിയ നഷ്ടങ്ങളിൽ ഒന്നായിരിക്കും അത്
മനസ്സിൻറെ നൊമ്പരങ്ങളിൽ ഒന്ന്
നിങ്ങൾ പറയാൻ മറന്നു പോയ
മാറ്റിവെച്ച കാര്യങ്ങൾ ഓർത്ത് ആയിരിക്കും

******

ജാൻവി എസ്
8 E

# കുയ്യാന കുയ്യാന

ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന, മലയാളത്തെ ഒരുപോലെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത സാഹിത്യകാരനായ വൈക്കം മുഹമ്മദ് ബഷീറിന്റെ ഒരു കുഞ്ഞു നോവലാണ് ന്റുപാപ്പാക്കൊരാനേണ്ടാർന്ന് .മറ്റു സാഹിത്യകാരന്മാരിൽ നിന്ന് ബഷീറിനെ വ്യത്യസ്തമാക്കുന്നത് അദ്ദേഹത്തിന്റെ ശൈലിയാണ് തന്റെ അനുഭവങ്ങളാണ് അദ്ദേഹത്തിന്റെ കൃതികൾ. മുസ്ലിം തറവാട്ടിൽ ജനിച്ച സമ്പന്നയും നിരക്ഷരയുമായ കുഞ്ഞു പാത്തുമ്മ, ഉമ്മയായ കുഞ്ഞുത്താച്ചുമ്മാ, സുന്ദരനും പാത്തുമ്മയെ സ്നേഹിക്കുന്നവനുമായ നിസാർ അഹമ്മദ്, ഒരുസഹോദരി ആയിഷ അവരുടെ മാതാപിതാക്കൾ എന്നിവരാണ് പ്രധാന കഥാപാത്രങ്ങൾ. നിസാർ അഹമ്മദും കുഞ്ഞുപ്പാത്തുമ്മയും തമ്മിലുള്ള സ്നേഹമാണ് കഥാതന്തു.




സമ്പന്നമായ മുസ്ലിം തറവാട്ടിലാണ് കുഞ്ഞു പ്പാത്തുമ്മ ജീവിച്ചിരുന്നത് .അവളുടെ കവിളിൽ ഒരു മറുകുണ്ടായിരുന്നു. അത് ഭാഗ്യമാണെന്നാണ് അവളുടെ വിശ്വാസം. കല്യാണ പ്രായം എത്തിയിട്ടും പാചകം ചെയ്യാനോ എഴുത്തും വായനയുമോ അവൾക്ക് അറിയില്ലായിരുന്നു. കല്യാണ ആലോചനകൾ വരുന്നതിനിടയിൽ ഒരു ഹൃദയഭേദകമായ സംഭവം അവരെ നടുക്കി. വട്ടനടിമ തന്റെ സ്വത്ത് സഹോദരിമാർക്കും കൂടി വീതിച്ചു നൽകി. എല്ലാം വീതിച്ചപ്പോൾ അടിമയ്ക്ക് ലഭിച്ചത് ഒരു ചെറ്റപ്പുര.

പുതിയ അന്തരീക്ഷത്തിൽ പാത്തുമ്മയ്ക്കോ, ഉമ്മയ്ക്കോ പൊരുത്തപ്പെടാനായില്ല. അതിനിടയിൽ ഒരുനാൾ കുഞ്ഞുകുരുവിയുടെ കരച്ചിൽ കേട്ട് പോയ പാത്തുമ്മ നിസാർ അഹമ്മദിനെ യാദൃശ്ചികമായി കണ്ടുമുട്ടുന്നു. കുരുവിക്കുഞ്ഞിനെ രക്ഷിക്കുന്നതിനിടയിൽ അവളുടെ കൈ മുറിഞ്ഞു. ഇത് തന്റെ തുവാല ഉപയോഗിച്ച് സിഗരറ്റിലെ പുകയിലക്കഷണങ്ങൾ എടുത്ത് മുറിവിലിട്ട് കെട്ടി.അവർ രണ്ടുപേരുടെയും സഹായമനസ്കതയാണ് ഈ സംഭവത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത് .ഒരുനാൾ പാത്തുമ്മയ്ക്ക് അയൽക്കാരെ കിട്ടുന്നു ആ വീട്ടിലെ പെൺകുട്ടിയായ ആയിഷ പാത്തുമ്മയെക്കാൾ പ്രായക്കുറവും സൗന്ദര്യം ഇല്ലാത്തതും ആയിരുന്നു. എന്നാൽ അവൾക്ക് എഴുത്തും വായനയും അറിയാമായിരുന്നു .അതിനിടയിൽ അവൾ തന്റെ സഹോദരനെ കുറിച്ച് പറയുന്നു.അയാളുടെ സ്വഭാവ സവിശേഷതകളും പറയുന്നു. ഇടതു കൈയിൽ ചെറുവിരലില്ല എന്ന് പറഞ്ഞപ്പോൾ താൻ അന്ന് കണ്ടത് നിസാർ അഹമ്മദ് ആണെന്ന് തെളിയുന്നു. അയാൾ മറ്റെവിടെയോ ആണ് താമസം. നാട്ടിൽ വന്നതും വട്ടൻ അടിമ അദ്ദേഹത്തോട് കലഹം ഉണ്ടാക്കുന്നു .അഹമ്മദ് നിരപരാധിയാണെന്ന് തെളിഞ്ഞപ്പോൾ സുഹൃത്തുക്കൾ ആവുകയും ചെയ്തു .ഒരുനാൾ തന്നെ കെട്ടിക്കാൻ പോണെന്ന് കേട്ടപ്പോൾ

പാത്തുമ്മ പിശാചിനെ പോലെ
അലറുകയുംകിടപ്പിലാവുകയും ചെയ്തു.പിശാച്
എന്ന് കരുതി മന്ത്രവാദിയെ വിളിച്ച് ചൂരൽ
പ്രയോഗം നടത്തി. അതിനിടയിൽ അഹമ്മദ്
സഹിക്കവയ്യാതെ അവളെ പൊക്കിയെടുത്ത്
കിടക്കയിൽ കിടത്തി രക്ഷപ്പെടുത്തി. കാര്യം
മനസ്സിലായ വട്ടനടിമയും കൂട്ടരും അവരെ
കല്യാണം കഴിപ്പിച്ചു. അങ്ങനെ
സന്തോഷത്തോടെ ആ നോവൽ
അവസാനിക്കുകയും ചെയ്തു.

ഈ നോവലിൽ സാധാരണക്കാരന്റെ
സാധാരണ ഭാഷയാണ് ഉപയോഗിച്ചത്.
ഇതിൽ കുഞ്ഞു പാത്തുമ്മയെ ക്കാൾ
കുഞ്ഞുതാച്ചുമ്മയുടെവാക്കുകളാണ് ഊന്നി
പറയുന്നത്. "ന്റുപാപ്പാക്കൊരാനേണ്ടാർന്ന് "
എന്ന വാക്യത്തിൽ കുഞ്ഞുത്താച്ചുമ്മയ്ക്ക് താൻ
വലിയ ആനക്കാരന്റെ മോൾ, താൻ വലിയ
കുടുംബ പാരമ്പര്യം ഉള്ളവൾ
എന്നൊക്കെയാണ് വിചാരം.  എന്നാൽ
അവസാന ഭാഗത്തിൽ കുഞ്ഞുത്താച്ചുമ്മ
ഇങ്ങനെ പറഞ്ഞപ്പോൾ ഒരാൾ പറഞ്ഞു അത്
കുഴിയാനയാണെന്ന് .ഇത് കേട്ട് സ്വന്തം
നെഞ്ചത്തടിച്ച്സഹിക്കാൻ
വയ്യാത്തപോലെയായി കുഞ്ഞുതാച്ചുമ്മ.
ആയിഷ പാത്തുമ്മയെ, കുഞ്ഞിപ്പാത്തുമ്മ എന്നും
പാത്തുമ്മ ആയിഷയെ ഉട്ടാപ്പി എന്നുമാണ്
വിളിച്ചത് ഇത് അവരുടെ ആത്മബന്ധത്തെ
സൂചിപ്പിക്കുന്നു.കുടുംബാംഗങ്ങൾ തമ്മിലുള്ള
ഇഴയടുപ്പവുംഒരു സാധാരണ വീട്ടിൽ
സംഭവിക്കുന്ന സംസാര ശൈലികളും ഈ
നോവലിനെ ശ്രദ്ധേയമാക്കുന്നു.

* * * * *

**ഋതുവേദ് എസ് റാം**